# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:189** **07.08.2017-ൽ മറുപടിക്ക്**

## ഇ ഹെൽത്ത് പദ്ധതി

**ചോദ്യം** **മറുപടി**

**ശ്രീ.യു. ആർ. പ്രദീപ്** **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഇ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |
| ബി) | ഈ പദ്ധതിവഴി പൊതുജനങ്ങൾക്ക് എന്തൊക്കെ ഗുണങ്ങളും സേവനങ്ങളും ആണ് ലഭ്യമാകുന്നത് ; വിശദാംശം വ്യക്തമാക്കുമോ? | ബി) | കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന ഒരു ബൃഹത്ത് പദ്ധതിയാണ് ഇ-ഹെൽത്ത് കേരള. ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടി എത്തുന്ന വ്യക്തികളുടെ രോഗവും, ചികിത്സയും, ആരോഗ്യവും സംബന്ധിക്കുന്ന വിവരങ്ങൾ ഡിജിറ്റൽ രീതിയിൽ ശേഖരിച്ച് സൂക്ഷിക്കുന്നു. അതോടൊപ്പം ആരോഗ്യ സാമൂഹിക പ്രവർത്തകർ, കൈയ്യിൽ കൊണ്ടു നടക്കാവുന്ന ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന പ്രവർത്തനത്തിലൂടെ ശേഖരിക്കുന്ന സാമൂഹിക ആരോഗ്യ വിവരങ്ങൾ, ഓരോ വ്യക്തിയുടെയും ആധാർ, വോട്ടർ ഐ.ഡി മുതലായ ഏതെങ്കിലും ഒരു വ്യതിരിക്ത നമ്പർ മുഖേന തമ്മിൽ ബന്ധിപ്പിച്ച് ഓരോ വ്യക്തിയുടേയും ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ സമഗ്രത ഈ പദ്ധതി ഉറപ്പാക്കുന്നു. ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് നടത്തുന്ന ദൈനംദിന സർവേകൾ വഴി സാംക്രമിക രോഗങ്ങളുടെ ഉത്ഭവവും വ്യാപനവും യഥാവസരമ കണ്ടെത്താനും സമയബന്ധിതമായ നടപടി സ്വീകരിക്കാനും സാധിക്കും.<br><br>പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു<br><br>1. വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br><br>2. സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br><br>3. എല്ലാ അലോപ്പതി ആശുപത്രികളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br><br>4. ആശുപത്രികളിൽ ചികിൽസ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സയ്ക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക. |

**സെക്ഷൻ ഓഫീസർ**